## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5198 26.03.2018 - ൽ മറുപടിക്ക്

# കുട്ടവീട്ടിക്കടവ് പാലത്തിന്റെ നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ഐ.ബി. സതീഷ് :** | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| കാട്ടാക്കട മണ്ഡലത്തെ പാറശാല മണ്ഡലവുമായി ബന്ധിപ്പിക്കുന്ന കുട്ടവീട്ടിക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്തായെന്ന് വിശദമാക്കാമോ; തുടർനടപടികൾ എന്താണെന്ന് വെളിപ്പെടുത്താമോ ? | തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട, അരുവിക്കര മണ്ഡലങ്ങളേയും, പാറശ്ശാല മണ്ഡലത്തേയും തമ്മിൽ ബന്ധിപ്പിക്കുന്ന കുട്ടവീട്ടിൽ കടവ് പാലം നിർമ്മാണം 2016-2017 -ലെ ബഡ്ജറ്റ് സ്പീച്ചിൽ പ്രഖ്യാപിക്കുകയും സർക്കാർ ഉത്തരവ് (സാധാ.) നമ്പർ. 1496/2016/പൊ.മ.വ തീയതി 31.10.2016 പ്രകാരം 1000 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. ഇതിനെ തുടർന്ന് ടി വർക്കിന്റെ ഡി. പി. ആർ തയ്യാറാക്കി കിഫ്ബിയ്ക്ക് സമർപ്പിച്ചു. ഇതിൻപ്രകാരം ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബിയുടെ ഉത്തരവ് നമ്പർ. APR - 1/76/2017/KIIFB തീയതി 21.08.2017 പ്രകാരം 1235 ലക്ഷം രൂപയുടെ സാമ്പത്തിക അനുമതിയും ലഭിച്ചു. |

കൂടാതെ സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട റിക്വിസിഷൻ 28.12.2017 - ൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ചു.

സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ നടത്തുന്നതിലേയ്ക്കുള്ള പ്രവൃത്തികൾ സ്വീകരിച്ചു വരുന്നു.

S. Bindu

**സെക്ഷൻ ഓഫീസർ**